## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1569

05/12/2014-ൽ മറുപടിക്ക്

## കൊല്ലം വികസന അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) | |
| (എ) | കൊല്ലം വികസന അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 03.04.2013 - ലെ സർക്കാർ ഉത്തരവ് G.O. (M.S) No. 142/2013/LSGD പ്രകാരം പുനഃസ്ഥാപിക്കപ്പെട്ട കൊല്ലം വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ കൊല്ലം കോർപ്പറേഷനിൽ നിന്നും കൈമാറി വരികയാണ്. കൊല്ലം വികസന അതോറിറ്റിയുടെ ആണ്ടാമുക്കത്തെ, ചിന്നക്കടയോട് ചേർന്നുള്ള വസ്തുവിൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടായ 5 കോടി രൂപ ചെലവാക്കി ഒരു വ്യാപാര സമുച്ചയം ആരംഭിക്കുന്നതിനു കിറ്റ്കോ -യെ ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്.<br>കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരഭവും പ്രദർശനവും - താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission – ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | കൊല്ലം വികസന അതോറിറ്റി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ, പ്രോജക്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | 2014–15 ൽ താഴെ പറയുന്ന പ്രോജക്ടുകളാണ് അനുമതിക്കായി സമർപ്പിച്ചിരുന്നത്.<br>1. വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരഭവും പ്രദർശനവും – ആണ്ടാമുക്കം താമരക്കുളം.<br>2. പായിക്കട വാണിജ്യ പ്രദേശ പുനരുദ്ധാരണം – ഫേസ് 1.<br>3. പബ്ലിക്ക് ലൈബ്രറിയുടെ എതിർഭാഗത്തായി മൊബിലിറ്റി ഹബ്.<br>4. മാർക്കറ്റ് വികസനം –തൃക്കടവൂർ ഗ്രാമ പഞ്ചായത്ത്.<br>5. ഓഷ്യനേറിയം –കൊല്ലം ബീച്ച് പരിസരം.<br>6. റോഡ് വികസനം (ആർ.ഒ.ബി, എസ്.പി. ഓഫീസ് മുതൽ താമരക്കുളം – പണ്ടകശ്ശാല പാലം – വാടി വഴി കച്ചേരിമുക്ക്). |

7. ജംഗ്ഷൻ മെച്ചപ്പെടുത്തൽ സ്കീം – ഹൈസ്കൂൾ ജംഗ്ഷൻ.

8.ജംഗ്ഷൻ മെച്ചപ്പെടുത്തൽ സ്കീം –കടപ്പാക്കട ജംഗ്ഷൻ.

തൻ വർഷത്തെ പ്രോജക്ടുകളോടൊപ്പം 2015–16സാമ്പത്തിക വർഷം കൊല്ലം വികസന അതോറിറ്റി പള്ളിത്തോട്ടത്ത് വിലക്ക് വാങ്ങിയ 5 ഏക്കർ വസ്തുവിൽ 3.5 ഏക്കറോളം വസ്തു ഭവന നിർമ്മാണ പദ്ധതിക്കായി വിലയ്ക്ക് നൽകിയിട്ടുള്ളത് കഴിച്ച് ഉപയോഗ്യശൂന്യമായി കിടക്കുന്ന സ്ഥലത്ത് ഫ്ലാറ്റ് സമുച്ചയം പണിയുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | മേൽ പദ്ധതികളിൽ 2014 –15 ൽ ആണ്ടാമുക്കം വ്യാപാര സമുച്ചയം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരഭവും പ്രദർശനവും –താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission – ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) & (ഇ) | പ്രസ്തുത പദ്ധതികൾക്കായി 08.10.2014 തീയതിയിലെ G.O (Rt) No.2601/2014/LSGD ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കുകയും Ways and means clearance ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതികൾക്ക് 2014 2015 സാമ്പത്തിക വർഷം അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ